ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 27.07.2026

## പ്രധാനവാർത്തകൾ

1. ചോദ്യപേപ്പർ ചോർച്ചയിലെ പ്രതിഷേധത്തിനെതിരെയുള്ള പോലീസ് നടപടികളിൽ പാർലമെൻറിൽ പ്രതിപക്ഷ ബഹളം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. പൊതു പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള ഭേദഗതി ബിൽ ലോക്സഭയിൽ അവതരിപ്പിച്ചു.
2. ലഹരി മാഫിയയുടെ പൂർണമായ ഉന്മൂലനം വരെ ഓപ്പറേഷൻ തൂഫാനുമായി മുന്നോട്ട് പോകുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല.
3. സംസ്ഥാനത്ത് സ്പീഡ് ഗവർണർ ഇല്ലാത്ത വാഹനങ്ങൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി സി.പി ജോൺ.
4. ഓണക്കാലത്ത് അവശ്യസാധനങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കാൻ നടപടിയുമായി സിവിൽ സപ്ലൈസ് വകുപ്പ്. പൂഴ്ത്തിവയപ്പ് തടയാൻ പരിശോധന ശക്തമാക്കുമെന്ന് മന്ത്രി അനൂപ് ജേക്കബ്.
5. ബംഗാൾ ഉൾക്കടലിൽ അതിതീവ്ര ന്യൂനമർദ്ദം രൂപപ്പെട്ടതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. സംസ്ഥാനത്ത്

PNU TVPM

വടക്കൻ ജില്ലകളിൽ അടുത്ത അഞ്ച് ദിവസം വ്യാപക മഴയ്ക്ക് സാധ്യത.

6. **കോമൺവെൽത്ത് ഗെയിംസിൽ മലയാളി താരങ്ങളായ സജൻ പ്രകാശും മുരളി ശ്രീശങ്കറും ഫൈനലിൽ**

## പാർലമെൻറ് ബിൽ

ചോദ്യപേപ്പർ ചോർച്ചയിലെ പ്രതിഷേധത്തിനെതിരെയുള്ള പോലീസ് നടപടികളിൽ പാർലമെൻറിൽ പ്രതിപക്ഷ ബഹളം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. സഭയുടെ അന്തസ്സിന് അനുസരിച്ച് അംഗങ്ങൾ പെരുമാറണമെന്ന് ലോക്സഭ സ്പീക്കർ ഓം ബിർള പറഞ്ഞു. പ്രതിപക്ഷ ബഹളത്തിനിടെ കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് പൊതു പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള ഭേദഗതി ബിൽ ലോക്സഭയിൽ അവതരിപ്പിച്ചു.

## സുപ്രീം കോടതി - നീറ്റ്

പരീക്ഷാ ചോദ്യപേപ്പർ ചോർച്ചയ്ക്കെതിരെ നടന്ന വിദ്യാർത്ഥി പ്രതിഷേധത്തിൽ പോലീസ് അമിത ബലപ്രയോഗം നടത്തിയെന്നാരോപിച്ച് സമർപ്പിച്ച ഹർജികൾ സുപ്രീം കോടതി നാളെ പരിഗണിക്കും. പ്രതിഷേധത്തിനിടെ ആക്രമിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബാംഗങ്ങൾ സമർപ്പിച്ച പ്രത്യേക ഹർജിയും, ലിസ്റ്റു ചെയ്ത മറ്റ് ഹർജികളും പരിഗണിക്കും.

## മുഖ്യമന്ത്രി - മലിനീകരണ നിയന്ത്രണ ബോർഡ്

സംസ്ഥാനത്ത് ശാസ്ത്രീയ മാലിന്യ നിർമാർജ്ജനത്തിന് ഏകോപിത പ്രവർത്തനം ആവശ്യമാണെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നേതൃത്വത്തിൽ

RNUTVPM

തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഖരമാലിന്യ പരിപാലന ചട്ടങ്ങളുടെ മേഖലാതല ശില്പശാലകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാമൂഹിക ശുചിത്വം ഓരോ പൗരന്റെയും ഉത്തരവാദിത്തമാകണമെന്നും പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന പ്രവണത ഇല്ലാതാകണ മെന്നും മുഖ്യമന്ത്രി പറഞ്ഞു.

---

## അനൂപ് ജേക്കബ് - സപ്ലൈകോ

ഓണക്കാലത്ത് അവശ്യസാധനങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന തിന് സിവിൽ സപ്ലൈസ് വകുപ്പ് വിപുലമായ ഒരുക്കങ്ങൾ ആരംഭിച്ച തായി മന്ത്രി അനൂപ് ജേക്കബ്. സപ്ലൈകോയുടെ ഓണം ട്രേഡ് ഫെയറു കൾ അടുത്ത മാസം 8ന് ആരംഭിക്കുമെന്നും അദ്ദേഹം തിരുവനന്ത പുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു. എഎവൈ റേഷൻ കാർഡുടമകൾക്കുള്ള 16 ഇനം ഉൽപ്പന്നങ്ങൾ അടങ്ങുന്ന സൗജന്യ ഓണക്കിറ്റ് വിതരണം ഓഗസ്റ്റ് ആദ്യവാരം ആരംഭിക്കും. വിപണിയിലെ പൂഴ്ത്തിവയപ്പ് തടയാൻ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകൾ പരിശോധന ശക്തമാക്കുമെന്നും മന്ത്രി അറിയിച്ചു.

---

## സി പി ജോൺ (ഇൻട്രോ)

KNU TVPM

സംസ്ഥാനത്ത് സ്പീഡ് ഗവർണർ ഇല്ലാത്ത വാഹനങ്ങൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി സി.പി ജോൺ. കുറ്റിപ്പുറം ബസ് അപകടം ഏറെ ഗൗരവതരമാണെന്നും അന്വേഷണം പുരോഗമി ക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

---

## ഓപ്പറേഷൻ തൂഫാൻ - ചെന്നിത്തല

ലഹരി മാഫിയയുടെ പൂർണമായ ഉന്മൂലനം വരെ ഓപ്പറേഷൻ തൂഫാനു മായി മുന്നോട്ട് പോകുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല.

ജനങ്ങൾ ഒരേ മനസ്സോടെ സ്വീകരിച്ച ഈ പദ്ധതി കേരളത്തെ സുരക്ഷിത സംസ്ഥാനമാക്കുമെന്നും അദ്ദേഹം കാസർകോട് മാധ്യമങ്ങളോട് പറഞ്ഞു. 8,500 പേർ അറസ്റ്റിലായതായും 70 കോടി വിലമതിക്കുന്ന മയക്ക് മരുന്ന് ഇതിനകം പിടികൂടിയിട്ടുണ്ടെന്നും ശ്രീ രമേശ് ചെന്നിത്തല അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## കുത്തിയിരിപ്പ് സമരം ഒത്തുതീർന്നു

മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതർ ജില്ലാ കുടുംബശ്രീ ഓഫീസിൽ നടത്തി വന്ന കുത്തിയിരിപ്പ് സമരം ഒത്തുതീർന്നു. കൃഷിമന്ത്രി ടി. സിദ്ദിഖ് നേരിട്ടെത്തി സമരക്കാരുമായി ചർച്ച നടത്തിയാണ് ഒത്തു തീർപ്പിലെത്തിയത്. മൈക്രോ പ്ലാനിലെ അപാകത ഉടൻ പരിഹരിക്കുമെന്നും ഒരാഴ്ചക്കുള്ളിൽ മുഴുവൻ ദുരന്തബാധിതർക്കും 2 ലക്ഷം രൂപ വീതം നൽകുമെന്നും മന്ത്രി അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## കസ്റ്റഡി മരണം-പ്രതിപക്ഷനേതാവ്

കൊല്ലം കുണ്ടറയിൽ പൊലീസ് കസ്റ്റഡിയിലെടുത്ത് വിട്ടയച്ച യുവാവ് ചികിത്സയിലിരിക്കെ മരിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ അടിയന്തര നടപടി സ്വീകരിക്കണമെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. കുണ്ടറ സ്വദേശി സിയാദാണ് മരിച്ചത്.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## മുഖ്യമന്ത്രി - ഹിന്ദി പ്രചാര സഭ

തുടർച്ചയായ പഠനമാണ് ജീവിതമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. തിരുവനന്തപുരം ഹിന്ദി പ്രചാര സഭയിൽ ബിരുദദാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഹിന്ദി പ്രചാര സഭയുടെ സ്ഥാപകൻ വാസുദേവൻ പിള്ളയുടെ അർദ്ധകായ പ്രതിമ മുഖ്യമന്ത്രി അനാച്ഛാദനം ചെയ്തു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## ഹരിതചട്ടപാലനം

ഈ വർഷത്തെ ഓണം വാരാഘോഷം പ്ലാസ്റ്റിക് രഹിതമായി നടപ്പിലാക്കുമെന്ന് ഗ്രീൻ പ്രോട്ടോകോൾ കമ്മിറ്റി ചെയർമാൻ വി. മുരളീധരൻ എം.എൽ.എ. തിരുവനന്തപുരം നഗരസഭയിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഘോഷയാത്രയ്ക്കുള്ള ഫ്ളോട്ടുകളുടെ നിർമ്മാണത്തിന് പ്രകൃതിസൗഹൃദ വസ്തുക്കൾ മാത്രമേ ഉപയോഗിക്കാവൂ. ഹരിതചട്ടം പാലിച്ച് നിർമ്മിക്കുന്ന മികച്ച ഫ്ളോട്ടുകൾക്ക് സമ്മാന നിർണ്ണയത്തിൽ മുൻഗണന നൽകുന്നതിനൊപ്പം പ്രത്യേക 'ഹരിത ഫ്ലോട്ട് അവാർഡും' സമ്മാനിക്കുമെന്നും ശ്രീ.വി. മുരളീധരൻ അറിയിച്ചു.

## രാജീവ് ചന്ദ്രശേഖർ

കഴിഞ്ഞ കുറച്ച് ദിവസങ്ങളിലായി ബി ജെ പിക്കെതിരെ ചില മലയാള മാധ്യമങ്ങൾ നടത്തുന്ന വ്യാജ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് രാജീവ് ചന്ദ്രശേഖർ എം എൽ എ. കേരളത്തിലെ ജനങ്ങൾ അടിസ്ഥാന രഹിതമായ വാർത്തകൾ തള്ളിക്കളയുമെന്ന് അദ്ദേഹം പറഞ്ഞു. പാർട്ടിയുടെ മീഡിയ ടീമുമായി വിവരങ്ങൾ സ്ഥിരീകരിക്കാതെയാണ് ഇവ നൽകിയതെന്നും ശ്രീ. രാജീവ് ചന്ദ്രശേഖർ വ്യക്തമാക്കി.

RNU TVPM

## മഴ-കേരളം

ബംഗാൾ ഉൾക്കടലിൽ അതിതീവ്ര ന്യൂനമർദ്ദം രൂപപ്പെട്ടതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ അടുത്ത അഞ്ച് ദിവസം വ്യാപക മഴയ്ക്ക് സാധ്യത. ഇന്ന് ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം.

## ഗിറ്റാർ ഫിഷ് - ഇൻട്രോ

കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണത്തിൻ്റെ വിഴിഞ്ഞം കേന്ദ്രത്തിലുള്ള അക്വേറിയത്തിൽ പ്രദർശനത്തിനായി പുതിയ അതിഥി എത്തി. കന്യാകുമാരിക്കടലിൽ നിന്ന് മത്സ്യത്തൊഴിലാളികൾ എത്തിച്ചു നൽകിയ 'ഗിറ്റാർ ഫിഷ്' ആണ് പുതിയ അതിഥി.

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

## സെറ്റ് പരീക്ഷ

അടുത്തമാസം രണ്ടിന് നടക്കുന്ന സെറ്റ് പരീക്ഷയുടെ അഡ്മിറ്റ് കാർഡ് lbscentre.kerala.gov.in ൽ നിന്നും ഡൗൺലോഡ് ചെയ്യണമെന്ന് അധികൃതർ അറിയിച്ചു. ഇത് തപാൽ മാർഗം ലഭിക്കുന്നതല്ല.

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ആറളം ഫാമിലെ കാട്ടാനകളെ തുരത്തുന്ന ഗജമുക്തി ദൗത്യം പുനരാരംഭിച്ചു. നാല് ആനകളെ ആണ് ഇന്ന് തുരത്തിയത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ ...**

(വോയ്സ്)

## കോമൺവെൽത്ത് ഗെയിംസ്-നീന്തൽ

ഗ്ലാസ്ഗോയിൽ നടക്കുന്ന കോമൺവെൽത്ത് ഗെയിംസിൽ മലയാളി താരങ്ങളായ സജൻ പ്രകാശും മുരളി ശ്രീശങ്കറും ഫൈനലിൽ. നീന്തലിൽ പുരുഷന്മാരുടെ 200 മീറ്റർ ബട്ടർഫ്ളൈ ഇനത്തിലാണ് ഒളിമ്പ്യൻ സജൻ

RNU TVPM

പ്രകാശ് ഫൈനലിൽ കടന്നത്. ഇന്ത്യയുടെ മെഡൽ പ്രതീക്ഷയുമായി സജൻ പ്രകാശ് ഇന്ന് രാത്രി നടക്കുന്ന മത്സരത്തിൽ മാറ്റുരയ്ക്കും. ലോങ് ജമ്പ് താരം മുരളി ശ്രീശങ്കർ 8.01 മീറ്റർ ചാടിയാണ് ഫൈനലിൽ ഇടം നേടിയത്. പുരുഷന്മാരുടെ 65 കിലോഗ്രാം ഭാരോദ്വഹനത്തിൽ തമിഴ്നാട് സ്വദേശി രാജ മുത്തുപാണ്ടി വെള്ളി മെഡൽ നേടി.

RNU TVPM